
# അക്ഷരപ്പച്ച



## LITTLE KITE

കാർഡിനൽ എച്ച് എസ് തൃക്കാക്കര

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡറ്റർ

ഷാന അൻസാർ

സബ് എഡിറ്റേസ്

നജീബ മറിയം

ഫിദാ ഫാത്തിമ

യഹിയ ലത്തീഫ്

അക്കാദമിക്ക് കോഡിനേറ്റേസ്

ഫ.എബി ഇടശ്ശേരി SITC

ശ്രീ.ഷാജി പി ജോസഫ് JSITC

ശ്രീമതി.ലിൻസി ജോസഫ് കൈറ്റ് മിസ്സ്ട്രസ്

# ഇതളുകളിലൂടെ


| | | |
|---|---|---|
| 1 | മാതൃഭാഷയിലൂടെ.. | 7 |
| 2 | പച്ചപ്പിനായി ഒരുമിക്കാം | 7 |
| 3 | പ്രതീക്ഷയുടെ വെള്ളിച്ചിറകുകൾ | 8 |
| 4 | മാതൃഭാഷ കവിത | 9 |
| 5 | മഹാപ്രളയം | 10 |
| 6 | സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ | 11 |
| 7 | സ്വാതന്ത്ര്യം | 12 |
| 8 | ഗുരു | 13 |
| 9 | പൂവ് | 13 |
| 10 | അപ്പൂപ്പൻതാടി | 14 |
| 11 | സാമൂഹ്യസേവനത്തിൽ വിദ്യാർത്ഥിയുടെ പങ്ക് | 15 |
| 12 | ആരു നീ... | 16 |
| 13 | അമ്മ മലയാളം | 17 |
| 14 | ജലം അമൂല്യം | 18 |
| 15 | വനനശീകരണം | 18 |
| 16 | കടപ്പാട് | 19 |



# ആശംസകളോടെ...

നൂതന ആശയ ആവിഷ്ക്കാരമാണ് ലിറ്റിൽ കൈറ്റിന്റെ ഏറ്റവും വലിയ സവിശേഷത. ചുരുങ്ങിയ കാലം കൊണ്ട് ഒത്തിരിയേറെ നേട്ടങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ ഈ വിഭാഗത്തിന്  ചെയ്യാനായി.അതിന്റെ ഭാഗമായി വരുന്ന കാർദ്ദിനാൽ ഹൈസ്ക്കുളിലെ ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ പരിശ്രമങ്ങൾക്കും ആശംസകൾ.

ശ്രീമതി. ലിജി ജോൺ
ഹെഡ് മിസ്ട്രസ്

# ആശംസകൾ



ഡിജിറ്റൽ യുഗത്തിലേക്ക് ചിറകടിച്ചുയരുന്ന ഈ കാലത്തിനൊപ്പം നമ്മുടെ കുട്ടികളും മുന്നേറുന്നു. കേരളം ആദ്യത്തെ ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനമായി മാറ്റപ്പെടുമ്പോൾ നാമെല്ലാം മാറ്റത്തിന്റെ ഭാഗമാകുന്നതിൽ നമുക്ക് അഭിമാനിക്കാം.

അനുദിനമുള്ള പരിശീലനത്തിലൂടെ അറിവിന്റെ ലോകത്തിലേക്ക് നടന്നടുക്കുന്ന നിങ്ങൾക്ക് ഈ സംരംഭങ്ങൾ ഏറെ ഗുണപ്രദമാണ്. ഇനിയും ഇതുപോലുള്ള പ്രയത്നങ്ങൾ ഉണ്ടാകട്ടെ

ആശംസകൾ

ഫാ. എബി ഇടശ്ശേരി
കൈറ്റ് മാസ്റ്റർ



# നമുക്ക് വായിക്കാം-പുസ്തകങ്ങളിലൂടെ

വായന എന്നത് അറിവ് സമ്പാദിക്കലാണ്.വായനക്കാരുടെ വായനാ അതിരുകൾ തകർത്ത് അത് വിസ്മയങ്ങളുടെ ലോകത്തേക്ക് കൂട്ടിക്കൊണ്ട് പോകുന്നു.അറിവ് എന്നത് വെളിച്ചമാണ്.ഇരുട്ടിനെയില്ലാതാക്കുന്ന വെളിച്ചം.മനുഷ്യന്റെ ഉള്ളിലുള്ള പ്രകാശം വായനകൊണ്ട് നിലനിർത്തണം.അറിവാണ് മനസ്സിന്റെ പ്രകാശം.പുസ്തകങ്ങൾ ഗുരുവും വഴികാട്ടിയുമാണ്.അറിവുകളും അനുഭവങ്ങളും സമ്മാനിച്ച ഗുരുതുല്യരാണ് പുസ്തകങ്ങൾ.ഇന്നു ലോകത്തിന് നിയന്ത്രണവലയം സൃഷ്ടിച്ചത് അറിവുകളാണ് .അറിവു നേടാനുള്ള മികച്ച ഉപായം വായനയാണ്.അതിനാൽ നാം വായിച്ച വളരണം.വായന വളർച്ചയുടെ വളമായി മാറണം.

സ്റ്റുഡന്റ് എഡിറ്റർ

ഷാന അൻസാർ



## മാതൃഭാഷയിലൂടെ...

മാതൃഭാഷ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്. കേവലമായ ആശയ വിനിമയത്തിനപ്പുറം ഭാഷ നിർവ ഹിക്കുന്ന ധർമ്മങ്ങൾ ഏറെയാണ് .സംസ്കാരത്തെ രൂപപെടുത്തുന്നതിൽ മാതൃഭാഷ നിർണായകമായ പങ്കുവഹിക്കുന്നു .നമ്മുടെ അറിവുകളും അനുഭവങ്ങളും സ്വഭാവികമായ രീതിയൽ ആവിഷ്കരിക്കാനും വിസ്മയം ചെ യ്യാനും മാതൃഭാഷയിലൂടെ കഴിയുന്നു.

എതൊരു വ്യക്തിക്കും മലയാളഭാഷ സ്വന്തം പെറ്റമ്മപോലയാണ്. എതൊക്കെ ഭാഷ സ്വായത്തമാക്കി യാലും നമ്മൾ മലയാളഭാഷയേ ഗ്രഹിക്കണം. ഓരോ വ്യക്തിക്കും മലയാളം എന്ന നമ്മുടെ "മാതൃഭാഷയിലൂടെ " സഞ്ചരിക്കാം.

ഫാത്തിമ നസ്റിൻ



## പച്ചപ്പിനായി ഒരുമിക്കാം

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വൈകാരിക ബന്ധം സ്ഥാപിക്കാതെ പരിസ്ഥിതിയെയും ജൈവാദികളെയും സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ നമുക്ക് എങ്ങുമെത്താൻ കഴിയില്ല. ദിവസേന അന്തരീക്ഷത്തി ലെത്തിച്ചേരുന്ന കാർബൺ ഡൈഓക് സൈഡ്,മീഥേൻ,നൈട്രസ്ഓക് സൈഡ്,ക്ലോറോ ഫ്ളൂറോ കാർബണുകൾ എന്നീ വാതകങ്ങളുടെ അളവ് കൂടിക്കൊണ്ടിരിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ പച്ചപ്പ് കൊണ്ട് അലംകരിക്കേണ്ടത് നമ്മുടെ കടമയാണ് . പച്ചപ്പിനായി ഒരുമിക്കാം എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

ഇർഫാന ജബ്ബാർ



# പ്രതീക്ഷയുടെ വെള്ളിചിറകുകൾ

പച്ചപ്പുകൾ നിറഞ്ഞ വളരെ മനോഹരമായ ഒരു ഗ്രാമം . ദാരിദ്ര്യത്തിനിടയിൽ ജീവിച്ചിരുന്ന രാമചന്ദ്രന്റെ കുടുംബം വളരെ അധ്വാനിച്ചായിരുന്നു അവിടെ താമസിച്ചിരുന്നത്.ഒരു മഴ പെയ്താൽ ഇടിഞ്ഞ് പൊളിയാവുന്നത്ര വീട്.ഈ കഷ്ടപ്പാടുകളൊന്നും അറിയിക്കാതെയാണ് മക്കളായ സീതയെയും സ്വാതിയേയും വളർത്തിയത്.

കാലങ്ങൾ ഒന്നിനുപിറകെ ഒന്നായിക്കടന്നു പോയി. മൂത്ത മക്കൾ സീത എം. ബി.ബി. എസി ന് പഠിക്കുന്ന കാലം. മുത്തശ്ശിയുടെ മരണ ശേഷം ഭ്രാന്തിയായ അമ്മ.വാർദ്ധക്യത്തിനിരയായ അച്ഛൻ. പത്താം ക്ലാസ്സിൽ പഠിക്കുന്ന സ്വാതി എല്ലാ ബാധ്യതകളും സീതയുടെ തലയിൽ. അങ്ങനെയിരിക്കെ ഒരു ദിവസം അപ്രതീക്ഷിതമായി കൊടുംമഴ. അത് രാമചന്ദ്രന്റെ കുടുംബത്തെ വല്ലാതെ നടുക്കിയിരുന്നു .ആ നടുക്കത്തിലൊന്നും ദൈവം അലിഞ്ഞില്ല .ദിവസങ്ങൾ തോറും മഴ കൂടിക്കൂടി വന്നു . എല്ലാവരുടേയും വീടുകളിൽ വെള്ളം നിറഞ്ഞ് വീട്ടുപകരണങ്ങൾ ഒഴുകാൻ തുടങ്ങി.ഫാക്ടറികൾ വീടുകൾ എന്തിന് ഇടതൂർന്നവനങ്ങൾ പോലും ഒന്നൊന്നായി മറിഞ്ഞുനിലംപതിച്ചുകൊണ്ടിരിക്കുന്നു.പുറത്തൊരു ശബ്ദം കേട്ട സ്വാതിയും സീതയും കൂടി നോക്കുമ്പോൾ ആകാശത്തിലൂടെ ധാരാളം ഹെലികോപ്റ്ററുകളിൽ രക്ഷാപ്രവർത്തകർ വട്ടമിട്ട്പറക്കുന്നു. സ്വാതി പറഞ്ഞു " ചേച്ചി എനിക്ക് പേടിയാകുന്നു. നമ്മുടെയെടുത്തേക്ക് വെള്ളം വരുമോ?”"ഏയ് ഇല്ല മോളേ. മോള് പേടിക്കണ്ടാട്ടോ.” സീത സ്വാതിയെ ആശ്വസിപ്പിച്ചു. പറഞ്ഞ് നാവെടുത്തശേഷം സീത പുറകോട്ടൊന്ന് തിരിഞ്ഞു................

സ്നേഹമോൾ കെ. എസ്



# മാതൃഭാഷ

നമ്മെ പെറ്റൊരാമ-
മ്മതൻവാത്സല്യമെ-
ന്നിൽ പകർന്നൊരാ
മാതൃഭാഷ

ശൈശവത്തിലാദ്യമുരു-
വിട്ടൊരാമമ്മയെന്ന
വാക്കിനുറവിടമാണെൻ
മാതൃഭാഷ മഹാഭാഷ

ശ്രേഷ്ഠഭാഷപദവിയി-
ലുയർന്നൊരാ മലയാള
ഭാഷയെയഭിമാനപൂർവ്വം നാം
കണ്ടിടേണം

ഭാഗ്യലക്ഷ്മി വി.ജെ



# മഹാപ്രളയം


മനുഷ്യാ നീ മറക്കുന്നുവോ ഈ മഹാപ്രളയത്തെ
ഒരുപാട്കാലമായിനേടിയ സ്വപ്നങ്ങൾ
പൊലിഞ്ഞുപോയ ആ നിമിഷങ്ങളെ
മതമോ ജാതിയോ വേഷമോ ഭാഷയോ
ആരും തെരഞ്ഞു നടന്നില്ല
കണ്ടതു മനുഷ്യനെ മാത്രം
കണ്ടതു മനുഷ്യനെ  മാത്രം
ഒന്നിച്ച കൂടിയ ആയിരങ്ങളിൽ
കണ്ടത് സാഹോദര്യത്തിന്റെ പുതിയമുഖങ്ങൾ
ദൈവങ്ങൾ ബിംബങ്ങൾ മഹാപ്രളയത്തിൽ
നിസംഗത പുലർത്തിയപ്പോൾ രക്ഷകനായി
ഉയർന്നത് മനുഷ്യകരങ്ങൾ മാത്രം

സാഹില എൻ.എസ്



# സമൂഹികമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ...

- ഒരിക്കൽ പോസ്റ്റ് ചെയ്തുപോയ കാര്യങ്ങൾ പിന്നീട് വീണ്ടുവിചാരമുണ്ടാകുമ്പോൾ തിരിച്ചെടുക്കാനാവില്ല . അത് പിൻവലിക്കുന്നതിനു മുൻപുതന്നെ അനേകം പേർ ആ വിവരങ്ങൾ കാണുകയും അവരുടെ കമ്പ്യൂട്ടറിലേക്ക് ഡൗൺലോഡ് ചെയ്യുകയും,പ്രചരിപ്പിക്കുകയും ചെയ്തിരിക്കാം.
- വ്യക്തിപരമായ വിവരങ്ങൾ തികച്ചും സ്വകാര്യമായിതന്നെ സൂക്ഷിക്കുക.ആര് തന്നെ നിങ്ങളെ ഇവ പ ങ്കുവക്കാൻ പ്രേരിപ്പിച്ചാലും ഭാവിജീവിതം തന്നെ നഷ്ടപ്പെടാവുന്ന ഈ പ്രവർത്തിക്ക് വഴങ്ങാതിരിക്കുക.
- അശ്ലീലസന്ദേശങ്ങളും ഭീഷണികളും നിയമപരമായി കുറ്റകൃത്യങ്ങളാണ്.ഇത്തരം കൂട്ടുകെട്ടുകളിൽ പങ്കാളികളാകരുത്.
- അനുചിതമായതൊ അപമാനകരമായതോ ആയ പോസ്റ്റുകൾ ഒരാൾ എവിടെയെങ്കിലും നടത്തുന്നുവെങ്കിൽ ആ വിവരം ഉടനെ തന്നെ അധ്യാപകരേയോ മുതിർന്നവരേയോ അറിയിക്കാൻ മറക്കരുത് .
- ഇന്റർനെറ്റ് ദുരുപയോഗപ്പെടുത്തുന്ന ആളുകളെ നിങ്ങളും സുഹൃദവലത്തിൽ നിന്ന് നീക്കം ചെയ്യുക.



# സ്വാതന്ത്ര്യം

സ്വാതന്ത്ര്യത്തിൻ വിത്തുകൾ നമ്മുടെ
മനസിൽ പിറവിയെടുക്കേണം

സ്വാതന്ത്ര്യത്തിൻ വിത്തുകൾ നമ്മൾ
എല്ലാവരിലും വിതറേണം

മാനവസ്നേഹം നിറയേണം
മനുഷ്യനെ ഒന്നായി കാണേണം

മാനവസ്നേഹം നിറയേണം
മനുഷ്യനെ ഒന്നായി കാണേണം

ജാതിയും മതവും ദൈവവുമെല്ലാം
ഒന്നാണെന്ന് അറിയേണം

ഇതിന്റെ പേരിൽ മനുഷ്യജീവൻ
തുലക്കാൻ നമ്മൾ മുതിരരുതെ

സ്വാതന്ത്ര്യത്തെ നേടിയെടുക്കാൻ ഒന്നാ
യി നമ്മൾ പൊരുതേണം.

അഫ്സൽന കെ.എ

# ഗുരു

'ഗു'.ശബ് ദം അന്ധകാരം താൻ
'രു'.ശബ് ദം തന്നിരോധകം
ഇരുട്ടു നീക്കിടുകയാൽ
ഗുരു വെന്നരുന്നിതേ"

'ഗു' എന്ന ശബ് ദത്തിന്റെ അർത്ഥം അന്ധകാരം അഥവാ ഇരുട്ടെന്നാണ്.'രു'എന്ന ശബ് ദത്തിന്റെ അർത്ഥം 'മാറ്റുക'യെന്നാണ്.'ഇരുട്ടു മാറ്റുന്ന'യാളിനെ ഗുരു എന്ന് വിളിക്കുന്നു. ഒരു വസ് തുവിന്റെ യഥാർഥ സ്വരൂപം ഇരുട്ടിന്റെ സാന്നിദ്ധ്യത്തിൽ നമുക്കറിയാൻ കഴിയില്ല.വെളിച്ചം കൊണ്ടേ ഇരുട്ടു മാറൂ.ഇരുട്ടന്നാൽ അജ്ഞതയും വെളിച്ചമെന്നാൽ അറിവുമാണ്. നമ്മുടെ ജീവിതയാത്ര ഇരുട്ടിൽ നിന്നും വെളിച്ചത്തിലേയ് ക്കായിരിക്കണം

മുഹമ്മദ് അസ്‌ലം


# പൂവ്

മാലോകർ തന്നുടെ മാനസം പുൽകുന്ന മന്നിലെ മലരിന്റെ ശോഭ കണ്ടോ കണ്ണിനു കൗതുകം പൂണ്ടതാ നിൽ പലവർണ്ണ ശോഭയാൽ പൂക്കളിതാ മാനവർ തന്നുടെ ഹർഹ്യത്തിൻമുറ്റത്ത് ഗന്ധമായ് വർണ്ണമായ് നിൽക്കുന്നു വിടിന്നലങ്കാരമായിട്ട് മുല്ലയും പിച്ചിയും ചെമ്പകവും പലതരം പേരിനാൽ ചെല്ലിടാം പൂക്കളെ

ഇനിയെത്ര പേരുക്കൾ ചൊല്ലിടേണം ചെത്തി ജമന്തി.മുക്കുറ്റി,മന്ദാരം സൂര്യനെ വെല്ലുന്ന സൂര്യകാന്തി പൂക്കളിറുക്കുന്ന പൂക്കളും തീർക്കുന്നു പുണ്യമായ് പൂവിനെ കാത്തിടുന്നു. പുണ്യദിനങ്ങളിൽ ഈശ്വരഭക്തിയായ് പൂജയ് ക്കായ പൂക്കൾ സമർപ്പിക്കുന്നു

സിനാൻ


# അപ്പൂപ്പൻതാടി



കാറ്റിൽ പാടി നടക്കും അപ്പൂപ്പൻ താടി-
തൻ രൂപഭംഗിയും വെണ്മയു
മെന്നുമെന്നിൽ കൗതുകമുണർത്തുന്നു
എന്നുമെന്നെ ബാല്യത്തിലേക്കണക്കുന്നു

ഉയരങ്ങളിലേക്കണയാൻ കൊതിയടെ
ആവേശത്തോടെ ഉയർന്നു പൊങ്ങാൻ
ശ്രമിക്കുന്നീയപ്പൂപ്പൻതാടി പോലെ
ഞാനറിയാതെ എൻ മോഹങ്ങളും

ശിവപ്രിയ .എസ്



# സാമൂഹ്യസേവനത്തിൽ വിദ്യാർത്ഥികളുടെ പങ്ക്

പ്രകൃതിയിൽ പരിഷ് കൃതമായ സമൂഹമാണ് മനുഷ്യസമൂഹം. സാമൂഹ്യജീവിയായ മനുഷ്യന് അതിന്റേതായ കടപ്പാടുകളുണ്ട്. വിദ്യാലത്തിൽ നിന്നാണ് മനുഷ്യൻ അവന്റേ ജീവിതനേട്ടങ്ങൾ കൈവരിക്കാനുള്ള പാഠങ്ങൾ പഠിക്കുന്നത് സമൂഹ്യസേവനത്തിന് വിദ്യാർത്ഥികൾക്ക്ഒരുപാട്കാര്യങ്ങൾചെയ്യാനുണ്ട്.“ചൊട്ട യിലെ ശീലം ചുടലവരെ" എന്ന പോലെ വിദ്യാർത്ഥി ജീവിതത്തിൽ നല്ല കാര്യങ്ങൾ ശീലിച്ചാൽ തീർച്ചയായും അത് ദാവിയിൽ ചെയ്യുവാൻ നമുക്ക് സാധിക്കും. പണ്ടൊക്കെ നമ്മുക്ക് രാഷ് ട്രപിതാവായ ഗാന്ധിയുടെ ജന്മദിനത്തിൽ വിദ്യാലയങ്ങൾ തോറും സേവനവാരം എന്നപ്രക്രിയ നടത്താറുണ്ടായിരുന്നു.ഇതിലൂടെ സമൂഹത്തെ സേവിക്കുക എന്ന ബോധം വിദ്യാർത്ഥികളിൽ വളർത്തുവാൻ സാധിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഇതൊന്നും നടത്തി വരുന്നതായി കാണാൻ കഴിയുന്നില്ല. അതിന്റേതായ മാറ്റങ്ങൾ സമൂഹത്തിൽ ഉണ്ടായിട്ടുമുണ്ട്.നമ്മൾ വിദ്യാർത്ഥികൾ വേണം നിരക്ഷരായ നമ്മുടെ നാട്ടുകാരെ ബോധവൽകരിക്കാൻ. എല്ലത്തിനും ഉപരി നമ്മുടെ കുടുംബാഗങ്ങളെക്കൂടി പറഞ്ഞ് മനസ്സിലാകാൻ. ഇനിയെങ്കിലും നമുക്കതിന് സാധിക്കട്ടെ.

ഫിദാ ഹുസൈൻ

# ആരുനീ.......?

ഒരു മേഘസന്ദേശം പോലെ
എന്നുള്ളിൽ വന്ന നീ
ഓർമിയിലൂടെ ഞാൻ നടന്ന നീങ്ങുന്ന
കുളിർ കാറ്റായ്

പൂവിടർന്നു നിൽക്കുന്നെൻ മനസ്സിൽ
നീ വരുമ്പോഴെല്ലാം
വർണരാജികൾ വിടരുന്നെൻ മനസ്സിൽ
കുപ്പിവളക്കിലുക്കം ഞാൻ കേൾക്കുന്നു.

അതുനിൻ ഗാനമാണോ 2

മാനസഗീതമായ്,നിഴലായ്,ദീപമായ് പൂന്തോട്ടത്തിൽ പൂക്കളായ്
വിടരുമീശോഭ,ആരെന്നു ഞാനറിയുന്നു

ആഭിരാമി






# അമ്മ മലയാളം


മാതൃഭാഷ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്.കേവലമായ ആശയവിനിമയത്തിനപ്പുറം ഭാഷ നിർവഹിക്കുന്ന ധർമ്മങ്ങൾ ഏറെയാണ്.

സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ മാതൃഭാഷ നിർണായകമായ പങ്കുവഹിക്കുന്നു. നമ്മുടെ അറിവുകളും അനുഭവങ്ങളും സ്വാഭാവികമായ രീതിയിൽ ആവിഷ് കരിക്കാനും വിനിമയം ചെയ്യാനും മാതൃഭാഷയിലൂടെ കഴിയുന്നു.

ഈ ലോകം മുഴുവൻ അറിയപ്പെടുന്ന ഭാഷയാണ് മലയാളം .ഈ ലോകത്ത് മലയാള ഭാഷയെ ജയിക്കാൻ വേറെ ഭാഷയില്ല .അത്രയും വിലപ്പെട്ടതും ഭംഗിയും നിറഞ്ഞതാണ് നമ്മുടെ മാതൃഭാഷയായ മലയാളം .

ജാസ്മിൻ. പി.സുനു





# ജലം അമൂല്യം

ജലം അമൂല്യമാണ് ഓരോ തുള്ളി വെള്ളത്തിനും അതിന്റേതായി വിലയുണ്ടെന്ന് നമ്മൾ മനസ്സിലാക്കണം അതിനനുസരിച്ച് വളരെ സൂക്ഷിച്ചുവേണം ജലം കൈകാര്യം ചെയ്യാൻ ജീവന്റെ തുടിപ്പുകൾ നിലനിർത്താൻ ജലം അത്യാവശ്യമാണ്. ശുദ്ദജലത്തിനായി ധാരാളം ആളുകൾ ബുദ്ദിമുട്ടുന്നുണ്ട്. ജീവജാലങ്ങൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് ജലം.

റിസ്ന നവാസ്





# വനനശീകരണം

ഇന്ന് ലോകം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് വനനശീകരണം.അത് മൂലം ധാരാളം ജീവജാലങ്ങൾ ഇന്ന് ഭൂമിയിൽ നിന്ന് അപ്രതീക്ഷിതമായി കൊണ്ടിരിക്കുകയാണ്. മരങ്ങൾ നശിക്കുന്നതനുസരിച്ച് ഭൂമിയിലെ ചൂട് അധിക്രമിച്ച്കൊണ്ടിരിക്കുന്ന വൃക്ഷത്തണലുകൾ ഇല്ലാതായിരിക്കുന്നു.ശുദ്ധവായു നഷ്ടമായിക്കൊണ്ടിരിക്കുന്നു.അത് കൊണ്ട് വനനശീകരണം തടയുക.

നജീബ മറിയം

# കടപ്പാട്

കാർഡിനൽ സ്ക്കുളിലെ ലിറ്റിൽ കൈറ്റിന്റെ
നേതൃത്തത്തിൽ ഈ
ഡിജിറ്റൽ മാഗസിൽ തയ്യറാക്കിവാൻ
സഹായിച്ച അധ്യാപകർക്കും,എല്ലാ
ക്രുട്ടുകാർക്കും നന്ദി.

അക്ഷരപ്പച്ച



LITTLE KITE

കാർഡിനൽ എച്ച് എസ് തൃക്കാക്കര